



**India Foundation for the Arts**
invites proposals from
Government-aided and Non-profit Schools in India
for
**Arts-Integrated Projects**
under its **Arts Education** programme
**Deadline: December 15, 2025**

കലയും വിദ്യാഭ്യാസവും ഏകോപിപ്പിച്ചുകൊണ്ട്, ഇന്ത്യ ഫൌണ്ടേഷൻ ഫോർ ദി ആട്സ് (IFA) വിഭാവനം ചെയ്യുന്ന പദ്ധതിയാണ് ആട്സ്-ഇന്റഗ്രേറ്റഡ് പ്രോജക്റ്റ്സ്. ഇന്ത്യയിലെ നോൺ മെട്രോപൊളിറ്റൻ പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന എയിഡഡ് സ്കൂളുകളിലും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സർക്കാരിതര സ്കൂളുകളിലും കലയും വിദ്യാഭ്യാസവും ഏകോപിപ്പിച്ചുകൊണ്ടുള്ള കലാപഠനമാതൃകയിലൂന്നിയ ഒരു വിദ്യാഭ്യാസ പ്രക്രിയയാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്

പാഠ്യപദ്ധതിയിലധിഷ്ഠിതമായ വിദ്യാഭ്യാസപ്രക്രിയയിൽ വിവിധ കലാരൂപങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് കൂടുതൽ സ്കൂൾ പഠനത്തെ ആകർഷകവും ആസ്വാദ്യവുമാക്കിത്തീർക്കുന്ന ഒരു കലാപഠനപദ്ധതിയാണ് കലി-കലിസു (കന്നഡയിൽ 'പഠിക്കുക', 'പഠിപ്പിക്കുക' എന്നർത്ഥം).

ഈയൊരു ആശയത്തിന്റെ പശ്ചാത്തലത്തിലാണ് എയിഡഡ് സ്കൂളുകളിൽ നിന്നും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സർക്കാരിതര സ്കൂളുകളിൽ നിന്നും IFA പ്രോജക്റ്റ് പ്രൊപ്പോസലുകൾ ക്ഷണിക്കുന്നത്. കലാപഠനാടിസ്ഥാനത്തിലുള്ള

പാഠ്യപദ്ധതിയിലൂടെ വിദ്യാർത്ഥികളുടെ ജിജ്ഞാസയും ക്രിയാത്മകതയും പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയങ്ങളെയാണ് ഈ പദ്ധതിയുടെ ഭാഗമാക്കാൻ IFA ലക്ഷ്യമാക്കുന്നത്.

മുൻ വർഷങ്ങളിലെ പ്രോജക്റ്റുകളെക്കുറിച്ച് കൂടുതൽ അറിയാൻ ഇവിടെ ക്ലിക്ക് ചെയ്യുക.

**പദ്ധതിയുടെ സാദ്ധ്യതകൾ:**

താഴെ പറയുന്ന ലക്ഷ്യങ്ങളിൽ ഒന്നോ അതിലധികമോ പരിഗണിക്കാവുന്നതാണ്:

- പ്രാദേശിക കലാരൂപങ്ങളും സാംസ്കാരിക പരിപാടികളും അധ്യാപനവും പഠനവുമായി സംയോജിപ്പിക്കുക.
- എല്ലാ വിഷയങ്ങളുടെയും അധ്യാപന-പഠന പ്രക്രിയകളിൽ കലയെ ഏകോപിപ്പിക്കുക.
- പഠന പ്രക്രിയയിൽ വിദ്യാർത്ഥികളുടെ ജീവിതാനുഭവങ്ങൾ കൂടി ഉൾപ്പെടുത്തുക.
- പ്രാദേശിക കലാകാരന്മാരുമായും കലയുമായി ബന്ധപ്പെട്ട സാമൂഹിക ഇടങ്ങളുമായും സഹകരിക്കുക

**പദ്ധതിയുടെ കാലാവധി** : കുറഞ്ഞത് ഒരു വർഷം, പരമാവധി ഒരു വർഷവും ആറ് മാസവും വരെ

**ബജറ്റ്** : പരമാവധി **₹4,00,000/-** (നാല് ലക്ഷം രൂപ)

**അപേക്ഷിക്കാനുള്ള അർഹത :**

പ്രാദേശിക ഭാഷകൾ ഉപയോഗിക്കുകയും, അധ്യാപന-പഠന പ്രക്രിയയ്ക്ക് കലയും സംസ്കാരവും അവിഭാജ്യമാണെന്ന് വിശ്വസിക്കുകയും ചെയ്യുന്ന മെട്രോപൊളിറ്റൻ അല്ലാത്ത പ്രദേശങ്ങളിലെ എയിഡഡ് സ്കൂളുകൾക്കോ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സർക്കാരിതര സ്കൂളുകൾക്കോ അപേക്ഷിക്കാവുന്നതാണ്.

**യോഗ്യത**:

- സ്കൂൾ സൊസൈറ്റി റെജിസ്ട്രേഷൻ ആക്റ്റ് 1860 / ഇന്ത്യൻ ട്രസ്റ്റ് ആക്റ്റ് 1882 പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സ്ഥാപനത്തിന്റെ ഉടമസ്ഥതയിലോ പ്രവർത്തനത്തിലോ ആയിരിക്കണം.
- കുറഞ്ഞത് മൂന്ന് വർഷമായി പ്രവർത്തനനിരതമായിരിക്കണം.
- കുറഞ്ഞത് രണ്ട് വർഷത്തെ ഓഡിറ്റ് ചെയ്ത അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ഉണ്ടായിരിക്കണം.
- സാധുവായ പാൻ (PAN) ഉണ്ടായിരിക്കണം.

**സമർപ്പിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ:**

നിങ്ങളുടെ പ്രൊപ്പോസൽ ഇംഗ്ലീഷ് ഉൾപ്പെടെയുള്ള ഏത് ഇന്ത്യൻ ഭാഷയിലും എഴുതാം. ഇംഗ്ലീഷ് ഇതര ഇന്ത്യൻ ഭാഷകളിൽ സമർപ്പിക്കുന്ന പ്രോജക്റ്റുകളെയാണ് IFA പ്രോത്സാഹിപ്പിക്കുന്നത്.

**അന്തിമ പ്രൊപ്പോസലിൽ താഴെ പറയുന്നവ ഉൾപ്പെടുത്തണം:**

- പ്രോജക്റ്റിൻറെ ശീർഷകം
- സ്കൂളിന്റെ മിഷൻ/ വിഷൻ/ സ്കൂളിനെപറ്റിയുള്ള പൂർണമായ വിവരങ്ങൾ
- വിദ്യാർത്ഥികളുടെ സാമൂഹ്യ-സാംസ്കാരിക പശ്ചാത്തലം
- നിർദ്ദേശിക്കുന്ന പ്രോജക്റ്റിന്റെ ലക്ഷ്യങ്ങൾ
- രീതിശാസ്ത്രവും പദ്ധതിപ്രവർത്തനങ്ങളുടെ വിശദമായ രൂപരേഖയും
- പ്രോജക്റ്റിൽ പങ്കാളികളായിരിക്കുന്ന വ്യക്തികളുടെ വിവരങ്ങൾ
- പ്രോജക്റ്റ് മൂല്യനിർണ്ണയം ചെയ്യുന്ന പ്രക്രിയ
- പ്രോജക്റ്റിൽ നിന്ന് പ്രതീക്ഷിക്കുന്ന ഫലങ്ങൾ
- ബജറ്റിന്റെ വിശദമായ വിഭജനം

**അനുബന്ധ രേഖകളിൽ ഉൾപ്പെടുത്തേണ്ടവ:**

- ട്രസ്റ്റ് ഡീഡ് / മെമ്മോറൻഡം ഓഫ് അസോസിയേഷന്റെ പകർപ്പ്
- നിലവിലെ ട്രസ്റ്റികളുടെ / അംഗങ്ങളുടെ പട്ടികയും പ്രൊഫൈലും
- 12A / സൊസൈറ്റി ആക്റ്റ് പ്രകാരമുള്ള രജിസ്ട്രേഷൻ പകർപ്പ്
- കഴിഞ്ഞ രണ്ട് വർഷത്തെ ഓഡിറ്റർ റിപ്പോർട്ട് / ഓഡിറ്റ് ചെയ്ത അക്കൗണ്ട് സ്റ്റേറ്റ്മെന്റ്
- സ്ഥാപനത്തിന്റെ PAN കാർഡിന്റെ പകർപ്പ്

- മുൻപോ നിലവിലോ നടത്തിയ കലാപഠന പ്രവർത്തനങ്ങളുടെ വിവരങ്ങൾ (എന്തെങ്കിലും ഉണ്ടെങ്കിൽ)

അന്തിമ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് മുമ്പ് പ്രോജക്റ്റ് ആശയങ്ങൾ ചർച്ച ചെയ്യുന്നതിനോ സംശയങ്ങൾക്കോ, **November 15, 2025**-ന് മുമ്പ് krishna@indiaifa.org-ലേക്ക് എഴുതുക അല്ലെങ്കിൽ 8762954080 (രാവിലെ 10:00 മുതൽ വൈകുന്നേരം 05:00 വരെ) വിളിക്കുക.

എല്ലാ അനുബന്ധ രേഖകളും സഹിതമുള്ള അന്തിമ പ്രൊപ്പോസൽ 25 MB-യിൽ താഴെയുള്ള ഒറ്റ ഇമെയിൽ ആയി **December 15, 2025**-ന് മുമ്പ് krishna@indiaifa.org-ലേക്ക് സമർപ്പിക്കണം.

അപൂർണ്ണമായ പ്രൊപ്പോസലുകളും യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കാത്ത അപേക്ഷകരും നിരസിക്കപ്പെടും.

**തിരഞ്ഞെടുപ്പ് പ്രക്രിയ:**

ഷോർട്ട് ലിസ്റ്റ് ചെയ്ത പ്രൊപ്പോസലുകളുടെ അപേക്ഷകർ തങ്ങളുടെ പ്രോജക്റ്റ് ആശയങ്ങൾ ഒരു ബാഹ്യപാനലിന് മുന്നിൽ വിലയിരുത്തലിനായി അവതരിപ്പിക്കേണ്ടതുണ്ട്. IFA-യുടെ തീരുമാനം അന്തിമമായിരിക്കും.

**തിരഞ്ഞെടുക്കപ്പെട്ട എല്ലാ പ്രോജക്റ്റുകളും IFA നടപ്പാക്കും.**

**പ്രധാന തീയതികൾ:**

- ഡ്രാഫ്റ്റ് പ്രൊപ്പോസൽ സമർപ്പിക്കാനുള്ള അവസാന തീയതി: **November 15, 2025**
- അന്തിമ പ്രൊപ്പോസൽ സമർപ്പിക്കാനുള്ള അവസാന തീയതി: **December 15, 2025**
- നടപ്പാക്കാൻ തിരഞ്ഞെടുത്ത പ്രോജക്റ്റുകൾ **February 2026** പ്രഖ്യാപിക്കും.

IFA കുട്ടികളെയും യുവാക്കളെയും പിന്തുണയ്ക്കുന്നതും ആദരിക്കുന്നതും സംരക്ഷിക്കുന്നതുമായ ഒരു സുരക്ഷിത പരിസ്ഥിതി സൃഷ്ടിക്കാൻ പ്രതിജ്ഞാബദ്ധമാണ്. അപേക്ഷകർ ഇതിനോട് യോജിക്കണമെന്നും എല്ലാ സമയത്തും ഇത് പാലിക്കണമെന്നും ശ്രദ്ധിക്കുക.